"ഭരണഭാഷ - മാതൃഭാഷ"

ഡി - 1/43125/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 23.11.2018

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
കൊല്ലം/കോട്ടയം/ എറണാകുളം/തൃശ്ശൂർ/കോഴിക്കോട്

സർ,

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 29.06.1992- ലെ ജി.ഒ (എം.എസ്) നം. 113/92/ഉ.വി.വ നം ഉത്തരവ്.
2. 13.11.2014 തീയതിയിലെ ജി.ഒ (എം.എസ്) നം.889/14/ഉ.വി.വ നമ്പർ ഉത്തരവ്.
3. 15-10-2016, 21-10-2016 തീയതികളിലെ ഡി3/29994/16/കോ.വി.വ നം കത്ത്.
4. 15-06-2015 തീയതിയിലെ ജി.ഒ ( എം.എസ്) നം. 262/15/ഉ.വി.വ നം. ഉത്തരവ്.

മേൽ ഉത്തരവുകൾ പ്രകാരം എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് സെമിനാർ/ കോൺഫറൻസ്/റിഫ്രഷർ /ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി വരുന്നത് നിലവിൽ ഈ കാര്യാലയത്തിൽ നിന്നുമാണ്. അപേക്ഷകൾ യഥാസമയം ഈ കാര്യാലയത്തിൽ ലഭിയ്ക്കാത്ത കാരണം പ്രസ്തുത കോഴ്സുകളിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് കാലതാമസം നേരിടേണ്ടി വരുന്നു. ഈ നടപടിക്രമം ലഘൂകരിക്കുന്നതിന്റെ ഭാഗമായി എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് ഇന്ത്യയ്ക്കകത്തു വച്ച് നടത്തുന്ന സെമിനാർ/ കോൺഫറൻസ്/ റിഫ്രഷർ/ഓറിയന്റേഷൻ കോഴ്സുകളിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതിന് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. അദ്ധ്യാപകർ കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി അപേക്ഷകൾ പ്രിൻസിപ്പാൾ മുഖാന്തിരം ബന്ധപ്പെട്ട രേഖകൾ സഹിതം വിടുതൽ ചെയ്യപ്പെടേണ്ട തീയതിക്ക് 7 ദിവസം മുൻപായി ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതും (ഡി.ഡി.ഓഫീസുകളിൽ) ടി അപേക്ഷകൾ സ്വീകരിച്ച് ഏഴ് ദിവസത്തിനകം ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലായെങ്കിൽ Deemed NOC എന്ന രീതിയിൽ അദ്ധ്യാപകർക്ക് കോഴ്സുകളിൽ പങ്കെടുക്കാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്/
ഹരിത.വി.കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
//അംഗീകാരത്തോടെ//

9995218

GOVERNMENT OF KERALA 2017-18

വി.എസ്. 30.11.18